പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:847 — 29.06.2011- ലെ മറുപടി

## ലോ ഫ്ളോർ ബസ്സുകളുടെ സർവ്വീസ് ദീർഘിപ്പിക്കാൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ. പി. തിലോത്തമൻ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസ്സുകൾ കെ.എസ്.ആർ.ടി.സിയ്ക്ക് ലാഭകരമായിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | JnNURM പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സിയിൽ ലഭ്യമായ എ.സി., നോൺ എ.സി, ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തിയതുമൂലം കോർപ്പറേഷന് നാളിതുവരെ വലിയ തോതിൽ നഷ്ടം സംഭവിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളം, ഇന്ധനച്ചെലവ്, മറ്റ് അത്യാവശ്യ അനുബന്ധ ചെലവുകൾ എന്നിവയ്ക്കാവശ്യമായ പണം പ്രസ്തുത സർവ്വീസുകളിൽ നിന്ന് ലഭ്യമാണ്. എന്നാൽ തേയ്മാന ചെലവടക്കം മറ്റ് പ്രധാനപ്പെട്ട ഘടകങ്ങൾകൂടി ഉൾപ്പെടുത്തിയാൽ JnNURM സർവ്വീസുകൾ കോർപ്പറേഷന് ലാഭകരമല്ല. |
| (ബി) | നിലവിൽ എത്ര ലോ ഫ്ളോർ ബസ്സുകളാണ് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നത് എന്ന് അറിയിക്കാമോ; | (ബി) | കേരള സംസ്ഥാനത്ത് JnNURM പദ്ധതിയിൽ ഉൾപ്പെടുത്തിയ 214 ബസ്സുകൾ (എ.സി-61, നോൺ എ.സി 153) എറണാകുളം, തിരുവനന്തപുരം ജില്ലകളിലായി സർവ്വീസ് നടത്തുന്നു. |
| (സി) | എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഒരു റൂട്ടിൽ ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്താൻ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളുടെ അംഗീകാരത്തിന് വിധേയമായി JnNURM പദ്ധതിയിൽ ഉൾപ്പെടുത്തിയ ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | പര്യാപ്തവും അനുയോജ്യവുമായ റോഡുകൾ, പ്രസ്തുത ബസ്സിൽ യാത്ര ചെയ്യാൻ സാദ്ധ്യതയുള്ള യാത്രക്കാരുടെ എണ്ണം, ലക്ഷ്യസ്ഥലത്തിന്റെ പ്രത്യേകത തുടങ്ങിയ ഘടകങ്ങളാണ് ലോ ഫ്ളോർ ബസ് സർവ്വീസ് നടത്താൻ റൂട്ട് നിശ്ചയിക്കുന്നതിന് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. |
| (ഡി) | എറണാകുളത്തു നിന്നും പുറപ്പെട്ട് അരൂർ വരെ സർവ്വീസ നടത്തുന്ന ലോ ഫ്ളോർ ബസ്സുകൾ ചേർത്തല എക്സ്റേ ബൈപ്പാസ്സ് വരെ ദീർഘിപ്പിച്ച് എറണാകുളത്തേക്ക് സ്ഥിരം യാത്ര ചെയ്ത് ജോലി ചെയ്യുന്നവർക്ക് സഹായകരമാകുന്ന വിധം ഷെഡ്യൂൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | എറണാകുളം ജില്ലാ അതിർത്തിവിട്ട് സർവ്വീസ് നടത്തുവാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ ഷെഡ്യൂൾ ക്രമീകരിക്കുന്നതിന് സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ